# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 138      28.11.2018 ൽ മറുപടിക്ക്

## സ്വാമി സന്ദീപാനന്ദഗിരിയുടെ ആശ്രമത്തിന് നേരെയുണ്ടായ ആക്രമണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം. കെ. മുനീർ<br>ശ്രീ.ടി. വി. ഇബ്രാഹിം<br>ശ്രീ.പാറക്കൽ അബ്ദുല്ല<br>ശ്രീ.പി.കെ.ബഷീർ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സ്വാമി സന്ദീപാനന്ദഗിരിയുടെ ആശ്രമത്തിലെ വാഹനങ്ങൾ തീയിട്ടു നശിപ്പിച്ച കേസ്സിലെ പ്രതികളെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ; | (എ) | നാളിതുവരെയുള്ള അന്വേഷണത്തിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. |
| (ബി) | ഈ ആക്രമണത്തിൽ ആശ്രമത്തിനുണ്ടായ നഷ്ടം എത്രയാണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; | (ബി) | ഫയർഫോഴ്സിന്റെ റിപ്പോർട്ട് പ്രകാരം ആക്രമണത്തിൽ ആശ്രമത്തിന് 10 ലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചിട്ടുള്ളതായി അനുമാനിക്കുന്നു. |
| (സി) | കേസ്സ് അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ; | (സി) | ദൃക് സാക്ഷികൾ ആരുംതന്നെ ഇല്ലാത്ത കേസ് ആയതിനാൽ ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിച്ചും സാഹചര്യ തെളിവുകളെ ആസ്പദമാക്കിയും ഊർജിതമായ അന്വേഷണം നടത്തി വരുന്നു. |
| (ഡി) | സ്വാമിക്കെതിരെ ആക്രമണം ഉണ്ടാകാനുള്ള സാധ്യത മനസ്സിലാക്കുന്നതിനും ആവശ്യമായ സുരക്ഷ ഉറപ്പാക്കുന്നതിനും ഇന്റലിജൻസ് വിഭാഗത്തിന് വീഴ്ച സംഭവിച്ചതായി കരുതുന്നുണ്ടോ; | (ഡി) | വീഴ്ച സംഭവിച്ചിട്ടില്ല. |
| (ഇ) | വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്ക് എതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ഇ) | ബാധകമല്ല. |
| (എഫ്) | ഇത്തരം അക്രമി സംഘങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ച് വരുന്നത് അതീവ ഗൗരവമായി കണ്ട് അമർച്ച ചെയ്യാൻ കർശന നടപടി സ്വീകരിക്കുമോ ? | (എഫ്) | സംഭവത്തിന്റെ ഗൗരവം കണക്കിലെടുത്ത് ഇത്തരത്തിൽ പ്രവർത്തിക്കുന്ന അക്രമി സംഘങ്ങളെ കണ്ടെത്തി, അവരുടെമേൽ കർശനമായ നിയമനടപടികൾ സ്വീകരിച്ച്, ശിക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ